പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 615 — 29.10.2019-ലെ മറുപടിക്ക്

## <u>പ്ലേ ഫോർ ഹെൽത്ത് പദ്ധതി</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എ. പ്രദീപ്കുമാർ<br>,, കെ. ആൻസലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കായികാഭിരുചിയും കായികക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം മുഖേന മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം 14 സെന്ററുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പെൺകുട്ടികൾക്ക് മാത്രമായാണ് പ്രസ്തുത 14 സെന്ററുകളിൽ പരിശീലനം നൽകുന്നത്.<br>**<u>പ്ലേ ഫോർ ഹെൽത്ത്</u>**<br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക [illegible] ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്ലേ ഫോർ |
| (ബി) | ഇതിന്റെ ഭാഗമായി പ്ലേ ഫോർ ഹെൽത്ത് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | ഹെൽത്ത്.<br>**സ്പ്ലാഷ്**<br>സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സപ്ലാഷ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>**ഹൂപ്സ്**<br>സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി സ്കൂളുകളിൽത്തന്നെ സൗകര്യങ്ങളും സ്ഥലവും സജ്ജമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) & (ഡി) | സ്വീകരിച്ചിട്ടുണ്ട്.<br>പ്രൈമറി തലം മുതൽ ഓരോ കുട്ടിയെയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരെഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തെ 25 സ്കൂളുകളെ തെരെഞ്ഞെടുത്തിട്ടുണ്ട്. സ്ഥല സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകളിൽ ബാസ്കറ്റ്ബോൾ, ഫുട്ബോൾ/ക്രിക്കറ്റ് തുടങ്ങിയ കായിക ഇനങ്ങൾക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുകയും ആയതിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുകയും ചെയ്യുന്നതാണ്. |
| (ഡി) | പ്രൈമറി തലം മുതൽ കുട്ടികളെ കായിക വിനോദങ്ങളിൽ തൽപ്പരരാക്കാൻ ഈ പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**